**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2848** **29-10-2026-ൽ മറുപടിയ്ക്ക്**

**കരമന–വെള്ളറട റോഡിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. ആർ. ബൈജു ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കരമന–വെള്ളറട റോഡിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

**മറുപടി:** ഉണ്ട്. നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ കരമന മുതൽ കാട്ടാക്കട വരെ നാലുവരിപ്പാതയായും കാട്ടാക്കട മുതൽ വെള്ളറട വരെ രണ്ടുവരിപ്പാതയായും വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതിരേഖ (DPR) പുതുക്കി തയ്യാറാക്കാനുള്ള നിർദ്ദേശം നൽകിക്കൊണ്ട് 25.02.2026-ന് സ.ഉ(സാധാ) 279/2026/PWD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

**മറുപടി:** 35.5 കിലോമീറ്റർ നീളമുള്ള കരമന–വെള്ളറട റോഡിൽ അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ വികസനത്തിനായി മൂന്ന് റീച്ചുകളായി തിരിച്ചാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്.

റീച്ച്–I: 0/000 മുതൽ 5/500 വരെ (കരമന മുതൽ കുണ്ടമൺകടവ് പാലം വരെ)

ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

റീച്ച്–II: 5.5 കിലോമീറ്റർ മുതൽ 20 കിലോമീറ്റർ വരെ (കുണ്ടമൺകടവ് പാലം മുതൽ ഞാറവിള വരെ)

സാമൂഹിക ആഘാത പഠനവും വിദഗ്ധ സമിതിയുടെ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

റീച്ച്–III: 20 കിലോമീറ്റർ മുതൽ 35.5 കിലോമീറ്റർ വരെ (ഞാറവിള മുതൽ വെള്ളറട വരെ)

സാമൂഹിക ആഘാത പഠനവും വിദഗ്ധ സമിതിയുടെ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

2016-ലെ ഡി.എസ്.ആർ. (DSR) പ്രകാരം 225.3 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കിയിട്ടുണ്ട്.

**(സി)** പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 225.3 കോടി രൂപ (DSR 2016)

**(ഡി)** പ്രസ്തുത റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി, കെ.എം.ആർ.എൽ. തയ്യാറാക്കിയ സമഗ്ര മൊബിലിറ്റി പദ്ധതി പരിഗണിച്ച് ആവശ്യമായ സർവേകളും അന്വേഷണ പ്രവൃത്തികളും നടത്തി, ചെലവ്-പ്രയോജന വിശകലനത്തിന്റെ അടിസ്ഥാനത്തിൽ കരമന-കാട്ടാക്കട ഭാഗം നാലുവരിപ്പാതയായും കാട്ടാക്കട-വെള്ളറട ഭാഗം രണ്ടുവരിപ്പാതയായും വികസിപ്പിക്കുന്നതിനുള്ള പുതുക്കിയ വിശദമായ പദ്ധതിരേഖ (Revised DPR) തയ്യാറാക്കുന്നതിനായി 1.08 കോടി രൂപയുടെ അന്വേഷണ എസ്റ്റിമേറ്റിന് അനുമതി നൽകി 25.02.2026-ലെ സ.ഉ.(സാധാ) നം. 279/2026/PWD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**